Date: 1.3.2021	**Publication:** Malayala Manorama
Page no.: 12	**Edition:** Kochi
Headline: How to file a claim under home insurance policy	

ഭവന ഇൻഷുറൻസ് പോളിസിയിലെ ക്ലെയിം

നമ്മളിൽ ഭൂരിഭാഗംപേർക്കും വീട് വളരെ പ്രധാനപ്പെട്ട സ്വത്താണ്. അതിന്റെ സുരക്ഷിതത്വം അത്രയെളിതമല്ലാതായിവരുകയാണ്. പ്രകൃതിക്ഷോഭങ്ങളുടെ എണ്ണം കൂടുന്നു. മോഷണവും ഭവനഭേദനവും പോലെയുള്ള അപകട സാധ്യതകൾ വേറെ. ഇവിടെയാണ് ഭവന ഇൻഷുറൻസിന്റെ പങ്ക്. ഇതു വീടിന്റെ ഘടനയ്ക്കും ഉള്ളിലുള്ള സാധന സാമഗ്രികൾക്കും സംഭവിക്കുന്ന കേടുപാടുകൾ കാരണമുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് പരിരക്ഷ നൽകുന്നു.

നിലവിൽ ഹൗസ് ഹോൾഡേഴ്സ് പോളിസി, ഓൾ റിസ്ക് ഹോം ഇൻഷുറൻസ് പോളിസി എന്നിവ പോലെ വിവിധതരം ഭവന ഇൻഷുറൻസ് പോളിസികൾ ഉണ്ട്, ഇവ വിവിധതരം പരിരക്ഷകൾ നൽകുന്നു. നിങ്ങളുടെ ആവശ്യത്തിന് ഏറ്റവും ഉത്തമമായതു തിരഞ്ഞെടുക്കുക മാത്രമേ വേണ്ടൂ. നിങ്ങൾ ഇൻഷുറൻസ് പോളിസി തിരഞ്ഞെടുക്കുമ്പോൾ, പോളിസിയുടെ നിയമനിബന്ധനകൾ നോക്കി അതിലുള്ള പരിരക്ഷകളും ഒഴിവാക്കലുകളും മനസ്സിലാക്കുക എന്നതാണു പ്രധാനം. നിർഭാഗ്യകരമായ ഒരു സംഭവം ഉണ്ടായാൽ എന്താണു ചെയ്യേണ്ടതെന്നും എന്താണ് ആവശ്യമെന്നും മനസ്സിലാക്കിവയ്ക്കാൻ ക്ലെയിം നടപടിക്രമങ്ങളെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടതും പ്രധാനമാണ്. ഭൂരിഭാഗം ഇൻഷുറർമാർക്കും ഭവന

ഇൻഷുറൻസിനു കീഴിൽ പ്രത്യേകം ക്ലെയിം നടപടിക്രമങ്ങൾ ഉണ്ടെങ്കിലും, തടസ്സമില്ലാതെ ക്ലെയിമുകൾ ലഭിക്കാൻ പാലിക്കേണ്ടുന്ന ചില നടപടികൾ നോക്കാം.

ഇക്കാലത്ത് മിക്ക ഇൻഷുറർമാർക്കും ഡിജിറ്റൽ ക്ലെയിം നടപടിക്രമങ്ങളാണുള്ളത്, അതിനാൽ എപ്പോഴും പോളിസി ഡോക്യുമെന്റിന്റെ ഒരു സോഫ്റ്റ് കോപ്പി കരുതുക. അഥവാ അത് നഷ്ടപ്പെട്ടുപോയിട്ടുണ്ടെങ്കിൽ ആദ്യംതന്നെ മെയിൽ വഴിയോ ഫോൺ മുഖേനയോ ഇൻഷുറരെ അറിയിക്കേണ്ടതും പോളിസിയുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള അപകടത്തെ അല്ലെങ്കിൽ സംഭവത്തെക്കുറിച്ച് ചെറിയൊരു വിവരണം നൽകേണ്ടതുമാണ്.

വീട്ടുപകരണങ്ങൾ /എടുത്തു നീക്കാവുന്ന വസ്തുക്കൾ എന്നിവയ്ക്കു കേടുപാടുകൾ ഉണ്ടായാൽ, കേടുപാടു പറ്റിയ ഉപകരണങ്ങൾ നിങ്ങളുടെ വീട്ടിൽനിന്ന് എടുത്തുകൊണ്ടുപോയി നന്നാക്കിതിരികെ കൊണ്ടുവരുവാനുള്ള കാഷ്ലെസ് റിപ്പയർ സർവീസ് ലഭ്യമാണോ എന്ന് നിങ്ങളുടെ ഇൻഷുററോട് അന്വേഷിക്കുക.

ക്ലെയിം ഫോം പൂരിപ്പിക്കുന്നതിനോടൊപ്പം ഇൻഷുറർ ആവശ്യപ്പെട്ടിട്ടുള്ള രേഖകളും തയ്യാറാക്കുക. നിങ്ങളുടെ ഇൻഷുറർക്ക് ഡിജിറ്റൽ ഫോർമാറ്റിലാണ് ഫോം ഉണ്ടെങ്കിൽ, ക്ലെയിം നോട്ടിഫിക്കേഷൻ മുതൽ ക്ലെയിം സബ്മിഷൻ വരെ ആവശ്യമായിട്ടുള്ള എല്ലാ രേഖകളും ഡിജിറ്റലായി ചെയ്യാവുന്നതാണ്. ക്ലെയിം ഫയൽ ചെയ്യാൻ ആവശ്യമായ ഡോക്യുമെന്റുകളുടെ പൊതുവായ ലിസ്റ്റാണ് ഏന്നാൽ ഇവ മാത്രമാകണമെന്നില്ല ചുവടെ:

- **ആകസ്മികമായ അപ്രതീക്ഷിത നാശനഷ്ടമുണ്ടായാൽ:** നഷ്ടത്തെക്കുറിച്ചുള്ള വിവരണം, കേടായ സാധനത്തിന്റെ പർച്ചേസ് ഇൻവോയിസ്, റിപ്പയർ എസ്റ്റിമേറ്റ്, റിപ്പയർ ബിൽ, പണമടച്ച രസീത് തുടങ്ങിയവ.
- **മോഷണമോ ഭവനഭേദനമോ ആണെങ്കിൽ:** പോളിസിയുടെ കീഴിൽ പരിരക്ഷയുള്ള നഷ്ടപ്പെട്ട സാധനങ്ങളുടെ വിവരങ്ങൾ, നഷ്ടപ്പെട്ട സാധനങ്ങളുടെ പർച്ചേസ് ഇൻവോയിസ്, സംഭവത്തെക്കുറിച്ചുള്ള വിവരണം, ഫസ്റ്റ് ഇൻഫർമേഷൻ റിപ്പോർട്ട്, ഫൈനൽ പോലീസ് റിപ്പോർട്ട് തുടങ്ങിയവ.
- **നഷ്ടം ഒരു ലക്ഷം രൂപയിൽ കൂടുതലാണെങ്കിൽ, നഷ്ടം സ്ഥിരീകരിക്കുന്നതിനും വിലയിരുത്തുന്നതിനും വേണ്ടി ഇൻഷുറർ സ്വതന്ത്ര സർവേയറെ നിയമിച്ചേക്കാം.** സന്ദർശന വേളയിൽ, സർവേയറെ എല്ലാ നഷ്ടങ്ങളും കാണിക്കുന്നതിനോടൊപ്പം നഷ്ടപ്പെട്ട / കേടുപാടുപറ്റിയ സാധനങ്ങളുടെ ഒരു ലിസ്റ്റും തയാറാക്കേണ്ടതാണ്. ഈ സാധനങ്ങളുടെ രസീതുകൾ എന്തെങ്കിലും, കൈവശമുണ്ടെങ്കിൽ, അവയും സർവേയറുമായി പങ്കുവയ്ക്കുക. ആവശ്യമായ വിവരങ്ങൾ സർവേയർക്കു നൽകിക്കഴിഞ്ഞാൽ, പ്രസക്തമായ വിലയിരുത്തലിനൊപ്പം അന്തിമ റിപ്പോർട്ട് ഇൻഷുറർക്ക് സമർപ്പിക്കും.
- **കൂടുതൽ വിവരങ്ങളോ രേഖകളോ ആവശ്യമുണ്ടെങ്കിൽ പിന്നീട് ഇൻഷുറർ നിങ്ങളുമായി ബന്ധപ്പെടും.** ഇൻഷർ ചെയ്തിട്ടുള്ള വ്യക്തി എല്ലാ രേഖകളും നൽകിക്കഴിഞ്ഞാൽ, സാധാരണയായി ഒരു ലക്ഷം രൂപ വരെയുള്ള ചെറിയ ക്ലെയിമുകൾ 5-7 പ്രവൃത്തി ദിവസങ്ങളിലും, അതിനു മുകളിലുള്ള വലിയ ക്ലെയിമുകൾ ഏതാണ്ട് 10 പ്രവൃത്തി ദിവസങ്ങളിലും തീർപ്പാക്കും.

ടി.എ.രാമലിംഗം,
ചീഫ് ടെക്നിക്കൽ ഓഫിസർ,
ബജാജ് അലയൻസ്
ജനറൽ ഇൻഷുറൻസ്